# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 01.10.2019

**വന്യജീവി വാരാഘോഷം : വിദ്യാർത്ഥികൾക്കുള്ള മത്സരങ്ങൾ ഇന്ന്**

വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം സാമൂഹ്യ വനവത്ക്കരണ വിഭാഗം സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വിവിധ മത്സരങ്ങൾ ഇന്നും നാളെയും പി.ടി.പി.നഗറിലെ സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സ് ഹാളിൽ നടക്കും.

ഇന്ന്എൽ.പി/യു.പി./ഹൈസ്കൂൾ/ഹയർസെക്കണ്ടറി/കോളേജ് വിഭാഗങ്ങൾക്ക് രാവിലെ 9.30 മുതൽ 11.30 വരെ പെൻസിൽ ഡ്രോയിംഗും, ഉച്ചയ്ക്ക് 2.15 മുതൽ 4.15 വരെ വാട്ടർ കളർ പെയിന്റിംഗും നടക്കും. 11.45 മുതൽ 12.45 വരെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/കോളേജ് വിഭാഗങ്ങൾക്ക് ഉപന്യാസ മത്സരവും ഉണ്ടാകും. നാളെ രാവിലെ 10 മുതൽ 11.30 വരെ ഹൈസ്കൂൾ വിഭാഗത്തിനും 11.30 മുതൽ 1 മണിവരെ ഹയർ സെക്കണ്ടറി/കോളേജിനുമുള്ള ക്വിസ് മത്സരവും, ഉച്ചയ്ക്ക് 2 മുതൽ 4 വരെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/ കോളേജ് വിഭാഗങ്ങൾക്കുള്ള പ്രസംഗ മത്സരവും സംഘടിപ്പിക്കും. പങ്കെടുക്കാൻ താൽപര്യമുള്ള സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ രാവിലെ 9 ന് തിരുവനന്തപുരം പി.ടി.പി. നഗറിലെ സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിലെത്തി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ 0471-2360462, 9447979135 എന്നീ നമ്പരുകളിൽ ലഭിക്കും.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ